മാതൃ: ആഴ്ച. 1955 May 27



ആഫ്രിക്കൻവീട്—കഞ്ചലത സിഡ്പ്ര (13 വയസ്സ്)—ഉഗാണ്ട.



ഛായാചിത്രം—യോഹൻ വുറം (13 വയസ്സ്)—ആസ്ത്രേല്യ

## വളരുന്ന സാഹിത്യം

# *ലോകബാലകല

അഫ്ഗാനിസ്ഥാൻ, ആൾജീരിയ, ആർജൻറീന, ആസ്ത്രേല്യ, ആസ്ത്രിയ, ബെൽജിയം, ബ്രസീൽ, ബർമ്മ, കനഡ, സിലോൺ, ചിലി, ചൈന, കൊളംബിയ, ചെക്കോസ്ലോവാക്യ, ഡെന്മാർക്ക്, ഈജിപ്റ്റ്, ഐറെ, ഈസ്റ്റാഫ്രിക്ക, ഫിജി, ഫിൻലണ്ട്, ഫ്രാൻസ്, ജർമ്മനി, ഹോളണ്ട്, ഹംഗറി, ഇന്ത്യ, ഇൻഡൊനേഷ്യ, ഇറാൻ, ഇറാക്ക്, ഇററലി, ജപ്പാൻ, ജോർഡാൻ, ലെബനോൺ, മലയ, മോറീഷ്യസ്, നേപ്പാൾ, ന്യൂസിലണ്ട്, നോർവ്വെ, ന്യാസാലാണ്ട്, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, പോളണ്ട്, പോർത്തുഗൽ, റോഡേഷ്യ, സിംഗപ്പൂർ, സൌത്ത്‌വെസ്റ്റാഫ്രിക്ക, സ്പെയിൻ, സ്വീഡൻ, സ്വിററ്സർലാണ്ട്, സിറിയ, തായ്‌ലാണ്ട്, തുർക്കി, ബ്രിട്ടൻ, അമേരിക്ക, റഷ്യ, വെസ്റ്റിൻഡീസ്, യൂഗോസ്ലാവ്യ—അങ്ങിനെ അമ്പത്താറു രാജ്യങ്ങളിലെ ഇരുപത്തിനാലായിരം കുട്ടികൾ പങ്കെടുത്ത ഒരു ചിത്ര-ലേഖനമത്സരം 1954 അവസാനത്തിൽ ശങ്കർ സംഘടിപ്പിയ്ക്കുകയുണ്ടായി. ചിത്രങ്ങൾക്ക് ഇരുനൂറെറെഴുപത്തഞ്ചും ലേഖനങ്ങൾക്ക എഴുപത്തഞ്ചും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു. ഏററവും നല്ല ചിത്രത്തിന്ന് ഇന്ത്യയുടെ പ്രസിഡണ്ടും ഏററവും നല്ല ലേഖനത്തിന്ന് വൈസ്പ്രസിഡണ്ടും ഓരോ സ്വർണ്ണമെഡലുകളും, അതാതു വയസ്സുകാരുടെ മെച്ചപ്പെട്ട രചനകൾക്ക് ഇന്ത്യൻ പ്രധാനമന്ത്രിയും സമ്മാനങ്ങൾ നല്കി. മററു സമ്മാനങ്ങൾ നമ്മുടെ സർവ്വസൈന്യാധിപൻ, ഇന്ത്യയിലെ വിവിധഗവർമ്മേണ്ടുകൾ, ചൈന, രഷ്യ, പോളണ്ട്, ഫിൻലണ്ട്, ചെക്കോസ്ലോവാക്യ, ജപ്പാൻ എന്നീ രാജ്യങ്ങളുടെ ഇന്ത്യയിലെ പ്രതിനിധികൾ, വിവിധ വ്യക്തികൾ എന്നിവർ സംഭാവനചെയ്തവയാകുന്നു. ഇനി ഈ ചിത്രങ്ങൾ ഇന്ത്യയിൽ പലേടത്തും പ്രദർശിപ്പിയ്ക്കപ്പെടും.

ഈ മത്സരത്തിൽ സമ്മാനാർഹങ്ങളായ ലേഖനങ്ങളും ചിത്രങ്ങളും ചേർത്തു പ്രസിദ്ധം ചെയ്ത "ശങ്കേഴ്സ് വീക്ക്‌ലി"യുടെ 1954–1955-ലെ "ബാലകലാവിശേഷപ്പതിപ്പ്" അതുല്യമായൊരു പ്രസിദ്ധീകരണമത്രേ. കുട്ടികളുടെ ആത്മാവിഷ്കാരകൌതുകത്തെ പ്രോത്സാഹിപ്പിയ്ക്കുവാൻ ഇത്രയും വമ്പിച്ച തോതിലൊരു ശ്രമം ലോകത്തിലെവിടെയും ഇതുവരെ നടക്കുകയുണ്ടായിട്ടില്ല. ആറാമത്തെ കൊല്ലമാണ് "ശങ്കേഴ്സ് വീക്ക്‌ലി" ഇത്തരം ബാലകലാമത്സരം സംഘടിപ്പിയ്ക്കുന്നതും 'പ്രത്യേകപ്പതിപ്പ് പ്രസിദ്ധം ചെയ്യുന്നതും. ഓരോ കൊല്ലവും മുൻകൊല്ലത്തെ അപേക്ഷിച്ചു വിസ്മയാവഹമായ പുരോഗതി, ഗുണത്തിലും വലുപ്പത്തിലും, ഉണ്ടാവുന്നുണ്ട്. ശങ്കറിന്റെ ഈ ലേഖന-ചിത്രമത്സരങ്ങളും പ്രത്യേകപ്പതിപ്പുകളും ഒരു വിശിഷ്ടലോകസ്ഥാപനമായിക്കഴിഞ്ഞിരിയ്ക്കുന്നു. അന്താരാഷ്ട്രീയസൌഹൃദം വളർത്താനുള്ള പരിശ്രമങ്ങൾ പലതും ഇന്നു നടക്കുന്നുണ്ട്. എന്നാൽ സൌന്ദര്യാരാധനയെന്ന മഹനീയതത്ത്വത്തിലൂടെ ലോകശിശുക്കളെയാകെ അടുപ്പിയ്ക്കുവാനും ഏകീകരിയ്ക്കുവാനും ശങ്കർ ആറു കൊല്ലമായി നടത്തുന്ന നിസ്തുലശ്രമം ഇവയേക്കാളൊക്കെ ദൂരവ്യാപകവും ശാശ്വതവുമായ ഫലം ഉളവാക്കുമെന്നതിൽ സംശയമില്ല. ഈ പ്രത്യേകപ്പതിപ്പിലൂടെ സഞ്ചരിയ്ക്കുമ്പോൾ ഉത്തരദക്ഷിണധ്രുവങ്ങൾക്കിടയിൽ വ്യത്യസ്തസമുദായങ്ങളിൽപ്പുലരുന്ന നാലു മുതൽ പതിനാറു വരെ പ്രായമുള്ള എത്രയോ ബാലികാബാലകന്മാരെ നാം കണ്ടുമുട്ടുന്നു. അത്ഭുതമെന്നു പറയട്ടെ, അവരെല്ലാം സംസാരിയ്ക്കുന്നതു മിയ്ക്കവാറും ഒരേ ഭാഷയാണ്! മനുഷ്യചേതനയുടെ അടിസ്ഥാനപരമായ ഐക്യം ഈ പ്രത്യേകപ്പതിപ്പിൽ നമുക്ക് അനുഭവപ്പെടുന്നു.

ശങ്കറിന്റെ ബാലകലാമത്സരങ്ങളാരംഭിച്ചതോടെ ഇന്ത്യയുടെ ശ്രദ്ധ കുറച്ചെങ്കിലും ശിശുകലയിലേയ്ക്കു തിരിഞ്ഞിട്ടുണ്ട്. കുട്ടികൾ അവരുടേതായ ഒരു സൌന്ദര്യലോകത്തിലാണ് പുലരുന്നത്. മുതിർന്നവരുടെ പൊടിയും പുകയും പുരണ്ട ലോകത്തിൽനിന്നു പലതുകൊണ്ടും വ്യത്യസ്തമാണ് ആ നല്ല പുതിയ ലോകം. സൌന്ദര്യത്തെപ്പററിയുള്ള ശിശുഭാവനയുടെ ആവിഷ്കരണത്തെ ഒഴിച്ചുനിർത്തുന്നപക്ഷം കല അംഗവികലവും അപൂർണ്ണവുമായിരിയ്ക്കയേ ഉള്ളൂ. ഈ സത്യബോധം നമുക്കിന്നുണ്ടായ്ക്കഴിഞ്ഞിട്ടുണ്ട്. ഈ പ്രത്യേകപ്പതിപ്പിൽ ഒട്ടും ലോഭമില്ലാതെ ചേർത്തിട്ടുള്ള കളർപ്ലേയ്ററുകൾ, അവയുടെ നിർമ്മാതാക്കൾ കുട്ടികളാണെന്നതുകൊണ്ടു മാത്രമല്ല, നല്ല നല്ല ചിത്രങ്ങളെന്ന നിലയിൽക്കൂടിയും നമ്മെ ആഹ്ലാദിപ്പിയ്ക്കാതിരിയ്ക്കയില്ല. വിവിധരാജ്യക്കാരായ കുട്ടികളുടെ നിർമ്മാണങ്ങളിൽ അതാതു രാജ്യത്തിന്റെ കലാപാരമ്പര്യങ്ങളും നിഴലിച്ചു കാണാം. തികച്ചും കുട്ടികളുടേതായ ഇതിലെ ലേഖനങ്ങളാകട്ടെ ബാലസാഹിത്യത്തിന്ന് മികച്ചൊരു നേട്ടമാണ്. മാതാപിതാക്കളും വിദ്യാലയങ്ങളും വാങ്ങി

സൂക്ഷിയ്ക്കേണ്ട ഒരുത്തമപ്രസിദ്ധീക
ണമത്രേ ഇതു്.

—എൻ. വി. കൃഷ്ണവാരിയ

* Shankar's Weekly–Children's Art Number 1954–'55. Shankar's Weekly, Odeon Buildings, New Delhi — 224 Pages — 5 Rs.